# ഭരണഘടന സംരക്ഷണ സദസ്സ്




ഭരണഘടന സംരക്ഷണ സദസ്സ് കെ.പി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

സി.കെ.ചന്ദ്രപ്പൻ സെന്റർ ഫോർ സോഷ്യൽ ജസ്റ്റീസിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഭരണഘടന സംരക്ഷണ സദസ്സ് സംഘടിപ്പിച്ചു. ആലപ്പുഴ ചടയംമുറി ഹാളിൽ അഡ്വ.വി.മോഹൻദാസിന്റെ അദ്ധ്യക്ഷതയിൽ നടന്ന സദസ്സിന്റെ ഉദ്ഘാടനം സി.പി.ഐ.ദേശീയ എക്സിക്യൂട്ടീവ് അംഗവും എ.ഐ.ടി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറിയുമായ കെ.പി.രാജേന്ദ്രൻ നിർവ്വഹിച്ചു.

''ഭരണഘടനയും ഗവർണ്ണറും'' എന്നതായിരുന്നു സദസ്സിൽ അവതരിപ്പിക്കപ്പെട്ട സംവാദ വിഷയം. എം.ആർ. സഫി മോഹൻ വിഷയം അവതരിപ്പിച്ച് സംസാരിച്ചു.

സെന്ററിന്റെ ജനറൽ സെക്രട്ടറി അഡ്വ.പി.എ.അസീസ്, വർക്കിംഗ് പ്രസിഡന്റ് അഡ്വ.ജിമോട്ടിലാൽ, എ.എം. ഷിറാസ്, അഡ്വ.പി.പി.ഗീത, പ്രേം സായി ഹരിദാസ്, എ.ഐ.ടി.യു.സിദേശീയ സെക്രട്ടറി ആർ.പ്രസാദ്, ടി.എൻ. രമേശൻ, ഡി.പി.മധു, പി.ജ്യോതിസ് എന്നിവർ സംവാദത്തിൽ പങ്കെടുത്ത് സംസാരിച്ചു.

കേന്ദ്രം ഭരക്കുന്ന മോദി സർക്കാർ ഭരണഘടന മൂല്യങ്ങളെ തകർക്കുകയാണെന്നും ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾക്ക് നേരേ കടന്നാക്രമണം നടാത്തുകയാണെന്നും ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരികയാണെന്നും സംസ്ഥാനത്തെ ഗവർണ്ണർമാർ ഭരണഘടനയോട് വിധേയത്വം പുലർത്തുന്നതിന് പകരം മോദി സർക്കാരിനോട് വിധേയത്വം കാട്ടുയാണ് ചെയ്യുന്നതെന്നും സി.കെ.ചന്ദ്രപ്പനെ പോലുള്ള നേതാക്കളും ജനപ്രതിനിധികളും ഉണ്ടങ്കിലേ രാജ്യത്തിന്റേയും ജനാധിപത്യത്തിന്റേയും ഭാവി സുരക്ഷിതമായിരിക്കുകയുള്ളൂവെന്നും സദസ്സിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു.




എം.ആർ. സഫി മോഹൻ വിഷയം അവതരിപ്പിച്ച് സംസാരിക്കുന്നു